**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3733** **02-03-2023 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകർക്കുള്ള ഇൻസെന്റീവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മിൽമ പാലിന്റെ വില നിലവിൽ ഓരോ ഇനത്തിനും എത്രയാണെന്നും ക്ഷീര കർഷകരിൽ നിന്ന് മിൽമ സംഭരിക്കുന്ന പാലിന് ലിറ്ററിന് എത്ര രൂപയാണ് നൽകുന്നതെന്നും അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ മിൽമ പാലിൻറെ വിൽപ്പന വില ചാർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു. കർഷകൻ സംഘത്തിൽ അളക്കുന്ന പാലിൻറെ ഗുണനിലവാരമനുസരിച്ചുള്ള ക്രമാനുഗതമായ വർദ്ധനവ് വരുന്ന രീതിയിലുള്ള ചാർട്ട് പ്രകാരമാണ് വില നൽകുന്നത്. സംസ്ഥാനത്തെ ശരാശരി ഗുണനിലവാരമായ 4.1/8.3 ഗുണനിലവാരമുള്ള പാൽ സംഘത്തിലൊഴിക്കുന്ന കർഷകന് സംഘത്തിൽ നിന്നും ലിറ്ററിന് 43.17 രൂപ ലഭിക്കും. 3.0/8.5 ഗുണനിലവാരമുള്ള പാൽ സംഘത്തിലൊഴിക്കുന്ന കർഷകന് ലിറ്ററിന് 5.025 രൂപയുടെ വർദ്ധനവ് ലഭിക്കും. വിൽപ്പന വിലയിൽ 6 രൂപ ലിറ്ററിന് വർദ്ധിപ്പിച്ചപ്പോൾ കർഷകനു വർദ്ധിച്ച വിലയുടെ 83.75 ശതമാനം ലഭിക്കും. |
| (ബി) | മിൽമ പാലിന്റെ വില വർദ്ധിപ്പിക്കുമ്പോഴും ക്ഷീര കർഷകർക്ക് ആയതിന്റെ പ്രയോജനം ലഭിക്കുന്നില്ല എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ; | (ബി) | മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചാൽ പാൽ ഉല്പാദന ചെലവ് കേരളത്തിൽ കൂടുതലാണ്. ഇത് കാരണം ക്ഷീരകർഷകർ കടുത്ത ബുദ്ധിമുട്ടിലായിരുന്നത് കൊണ്ട് ഉത്പാദനചെലവിന് ആനുപാതികമായി പാൽ വില വർദ്ധിപ്പിക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടിരുന്നത് കണക്കിലെടുത്ത് പാലിന്റെ വിൽപ്പന വില ലിറ്ററിന് 6.00 രൂപ വച്ച് വർദ്ധിപ്പിച്ച് ഡിസംബർ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വരുത്തുകയുണ്ടായി.<br><br>പാൽ വില ലിറ്ററിന് 6.00 രൂപ വർദ്ധിപ്പിച്ചപ്പോൾ വർദ്ധനവിന്റെ 83.75 ശതമാനം (5.025 രൂപ) കർഷകർക്കും ക്ഷീര കർഷക ക്ഷേമനിധി ബോർഡിന് 0.75 ശതമാനവും (0.045 രൂപ) ഡീലർമാർക്കും സംഘങ്ങൾക്കും 5.75 ശതമാനം വീതവും (0.345 രൂപ) മിൽമയ്ക്ക് 3.5 ശതമാനവും (0.21 രൂപ) പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനത്തിന് 0.5 ശതമാനവും (0.03 രൂപ) ലഭ്യമാകുന്ന രീതിയിലാണ് വിഭജിച്ചിരിക്കുന്നത്. 3.0/8.5 ഗുണനിലവാരമുള്ള പാൽ |

| | | | |
|---|---|---|---|
| | | | സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും. ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്. മേഖലായൂണിയനുകളിൽ നിന്നും ക്ഷീര സഹകരണ സംഘങ്ങളിലേക്കും ക്ഷീര സംഘങ്ങളിൽ നിന്ന് കർഷകർക്കും വേണ്ടിയുള്ള പ്രത്യേകം ചാർട്ടുകൾ തയ്യാറാക്കി സംഘങ്ങളിലും മേഖലാ യൂണിയനുകളിലും എത്തിച്ചിട്ടുണ്ട്. കൃത്യമായി പത്ത് ദിവസത്തിലൊരിക്കൽ പാൽ വില നൽകുന്ന രീതിയാണ് മിൽമ അവലംബിക്കുന്നത്. പാലിന്റെ വിൽപന വിലയുടെ 84 ശതമാനത്തോളം കർഷകന് തന്നെ പാൽ വിലയായും മറ്റാനുകൂല്യങ്ങളായും മിൽമ തിരികെ നൽകുന്നുണ്ട്. അതോടൊപ്പം തന്നെ കാലിത്തീറ്റ, തീറ്റപ്പുല്ല്, സൈലേജ് തുടങ്ങിയവയും, മൃഗ ചികിത്സാ സൗകര്യങ്ങളും മേഖലാ യൂണിയനുകൾ സംഘങ്ങൾ വഴി കർഷകർക്ക് നല്കുന്നു. |
| (സി) | ക്ഷീര കർഷകർക്ക് പാലിന് നൽകുന്ന വില അല്ലെങ്കിൽ പ്രഖ്യാപിച്ച ഇൻസെന്റീവ് വർദ്ധിപ്പിച്ച് നൽകുന്ന കാര്യം പരിഗണിക്കുമോ? | (സി) | മിൽമ പാലിന്റെ വിലയിൽ 2022 ഡിസംബർ 1 മുതൽ 6 രൂപ ലിറ്ററിന് വർദ്ധിപ്പിച്ചപ്പോൾ കർഷകനു വർദ്ധിച്ച വിലയുടെ 83.75 ശതമാനമാണ് ലഭിക്കുന്നത്. ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ക്ഷീരവികസന വകുപ്പ് ഒരു രൂപയും തദ്ദേശസ്വയംഭരണ വകുപ്പ് മൂന്ന് രൂപയും ഇൻസെന്റീവ് നൽകുന്നുണ്ട്.<br><br>ഈ സബ്സിഡി നിരക്ക് വർദ്ധിപ്പിക്കുന്നത് നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

വിപണിയിലെ മിൽമ പാലിൻറെ വിൽപ്പന വില താഴെ ചേർത്തിരിക്കുന്നു:

| ക്രമ നം. | ഇനം | അളവ് | പുതുക്കിയ വില/ലിറ്ററിന് (രൂപയിൽ) | വിൽപ്പന പായ്ക്കറ്റിൻറെ വില (രൂപയിൽ) |
|---|---|---|---|---|
| 1 | മിൽമ സ്മാർട്ട് ഡബിൾ ടോൺഡ് മിൽക്ക് (1.5% ഫാറ്റ് & 9.0% എസ്.എൻ.എഫ്.) | 500 മിലി | 48.00 | 24.00 |
| 2 | മിൽമ ടോൺഡ് മിൽക്ക് (നോൺ ഹോമോജനൈസ്ഡ്) (3.0% ഫാറ്റ് & 8.5% എസ്.എൻ.എഫ്.) | 500 മിലി | 50.00 | 25.00 |
| 3 | മിൽമ ടോൺഡ് മിൽക്ക് (ഹോമോജനൈസ്ഡ്) (3.0% ഫാറ്റ് &8.5% എസ്.എൻ.എഫ്.) | 500 മിലി | 52.00 | 26.00 |
| 4 | മിൽമ ടോൺഡ് മിൽക്ക് (ഹോമോജനൈസ്ഡ്) (3.0% ഫാറ്റ് & 8.5% എസ്.എൻ.എഫ്.) | 525 മിലി | 56.00 | 28.00 |
| 5 | മിൽമ പ്രൈഡ് മിൽക്ക് (ഹോമോജനൈസ്ഡ്) (3.3% ഫാറ്റ് & 8.5% എസ്.എൻ.എഫ്.) | 500 മിലി | 54.00 | 27.00 |
| 6 | മിൽമ പ്രൈഡ് മിൽക്ക് (ഹോമോജനൈസ്ഡ്) (3.3% ഫാറ്റ് & 8.5% എസ്.എൻ.എഫ്.) | 520 മിലി | 56.00 | 28.00 |
| 7 | മിൽമ ടോൺഡ് മിൽക്ക് (ഹോമോജനൈസ്ഡ്) (3.0% ഫാറ്റ് & 8.5% എസ്.എൻ.എഫ്.) | 200 മിലി | 65.00 | 13.00 |
| 8 | മിൽമ ടോൺഡ് മിൽക്ക് (ഹോമോജനൈസ്ഡ്) | 1000 മിലി | 52.00 | 52.00 |

| | | | | |
|---|---|---|---|---|
| | (3.0% ഫാറ്റ് &8.5% എസ്.എൻ.എഫ്.) | | | |
| 9 | മിൽമ റിച്ച് സ്റ്റാൻറേർഡൈസ്ഡ് മിൽക്ക് (നോൺ ഹോമോജനൈസ്ഡ്) (4.5% ഫാറ്റ് & 8.5% എസ്.എൻ.എഫ്.) | 500 മിലി /5 ലിറ്റർ | 54.00 | 27.00<br>270.00 |
| 10 | മിൽമ സ്റ്റാൻറേർഡൈസ്ഡ് മിൽക്ക് (ഹോമോജനൈസ്ഡ്) (4.5% ഫാറ്റ് & 8.5% എസ്.എൻ.എഫ്.) | 500 മിലി | 58.00 | 29.00 |
| 11 | മിൽമ സ്റ്റാൻറേർഡൈസ്ഡ് മിൽക്ക് (ഹോമോജനൈസ്ഡ്) (4.5% ഫാറ്റ് & 8.5% എസ്.എൻ.എഫ്.) | 1000 മിലി /5 ലിറ്റർ | 56.00 | 56.00<br>280.00 |
| 12 | സൂപ്പർ റിച്ച് സ്റ്റാൻറേർഡൈസ്ഡ് മിൽക്ക് (ഹോമോജനൈസ്ഡ്) (4.5% ഫാറ്റ് & 9.0% എസ്.എൻ.എഫ്.) | 1 / 5 ലിറ്റർ | 60.00 | 60.00<br>300.00 |